LIBRARY ARCHIVES Kerala Legislative Assembly

അവശകലാകാരന്മാർക്ക് പെൻഷൻ നൽകാൻ പദ്ധതി

46 [1178] ശ്രീ. കെ. മുഹമ്മദാലി:
,, എം. കെ. പോൾസൺ മാസ്റ്റർ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. കെ. എ. ചന്ദ്രൻ:
,, എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശകലാകാരന്മാർക്ക് പെൻഷൻ നൽകുന്നുണ്ടോ; എങ്കിൽ എത്ര വീതം;

(ബി) ഈ തുക എന്നാണ് നിശ്ചയിച്ചത്; എന്നു മുതലാണ് കൊടുത്തു തുടങ്ങിയതെന്നും ഇനി ഇത് വർദ്ധിപ്പിക്കുമോ എന്നും വെളിപ്പെടുത്തുമോ;

(സി) ഈ ഗണത്തിൽ എത്ര പേർക്ക് പെൻഷൻ നൽകി വരുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 400 രൂപ വീതം.

(ബി) 16-12-1997-ലാണ് നിശ്ചയിച്ചത്. 1-1-1998 മുതൽ കൊടുത്തു തുടങ്ങി. തുക വർദ്ധിപ്പിക്കുന്ന കാര്യം തീരുമാനിച്ചിട്ടില്ല.

(സി) 1261 പേർക്ക് പെൻഷൻ നൽകി വരുന്നു.

സംസ്ഥാനത്തെ കലാസാംസ്കാരിക സംഘടനകൾക്ക് സർക്കാർ നൽകിവരുന്ന സഹായം

47 [1179] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കലാസാംസ്കാരിക സംഘടനകൾക്ക് സർക്കാർ നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) സ്ഥലം വാങ്ങുക, കെട്ടിട നിർമ്മാണത്തിനു ഗ്രാന്റു നൽകുക, കുടിവെള്ളം, വൈദ്യുതി ചാർജ് എന്നിവയ്ക്ക് ഇളവ് അനുവദിക്കുക, ഉപകരണങ്ങളും മറ്റും വാങ്ങാൻ സഹായിക്കുക തുടങ്ങിയ നടപടികൾ വഴി സാംസ്കാരിക സംഘടനകളെ സജീവമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) കലാസാംസ്കാരിക സംഘടനകൾക്ക് രജിസ്ട്രേഷൻ, അഫിലിയേഷൻ എന്നിവ നൽകാൻ പ്രത്യേക ബോർഡ് രൂപവൽക്കരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) പ്രത്യേകമായ ആവശ്യങ്ങൾക്കുവേണ്ടി എന്ന നിലയ്ക്കല്ലാതെ കലാസാംസ്കാരിക സംഘടനകളുടെ പ്രവർത്തനത്തിന് സർക്കാർ സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്.

(സി) സാംസ്കാരിക ഡയറക്ടറേറ്റ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലാണ്.

ചെറുതുരുത്തി കലാമണ്ഡലത്തിലെ അനധികൃത നിയമനങ്ങൾ

48 [1180] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുതുരുത്തി കലാമണ്ഡലത്തിൽ ഏതാനും അനധികൃത നിയമനങ്ങൾ നടന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിയമനങ്ങൾ നടത്തുവാൻ നിലവിലുള്ള ജീവനക്കാരായിരുന്ന ആരെയെങ്കിലും പിരിച്ചുവിടുകയോ സർവീസിൽ തരംതാഴ്ത്തുകയോ ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഈ സാംസ്കാരിക സ്ഥാപനത്തിന്റെ നിലനിൽപ്പിനെ തടസ്സപ്പെടുത്തുന്ന പ്രവർത്തനങ്ങൾ തടയുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1999, 2000 വർഷങ്ങളിൽ നിയമാനുസൃതമല്ലാതെ ഒരാൾക്ക് ഉദ്യോഗകയറ്റം നൽകി നിയമിച്ചതായും വിജ്ഞാപന സമയത്ത് രേഖപ്പെടുത്താതിരുന്ന ഒഴിവിലേക്ക് നിയമനം നടത്തിയതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) പെട്ടിക്കാരൻ തസ്തികയിൽ ജോലി നോക്കി വന്നിരുന്ന ജീവനക്കാരനെ അദ്ദേഹത്തിന്റ അപേക്ഷ പരിഗണിച്ച് നിർവാഹക സമിതി കഥകളി വേഷം ഇൻസ്ട്രക്ടറായി നിയമനം നൽകി. പ്രസ്തുത നിയമനം നിയമാനുസൃതമല്ലാത്തതിനാൽ ആഡിറ്റിൽ തടസ്സപ്പെടുത്തുകയും നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിരുദ്ധമായതിനാൽ സാധൂകരിക്കുവാൻ കഴിയുകയില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. 8-7-1999-ലെ എ-6/1062/99 വിജ്ഞാപനപ്രകാരം ഒഴിവുള്ള ഒരു പെട്ടിക്കാരൻ തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിക്കുകയും കൂടിക്കാഴ്ച നടത്തി രണ്ടു പേർക്ക് നിയമന ഉത്തരവു നൽകുകയും ചെയ്തിട്ടുണ്ട്. രണ്ടാമത്തെ ഒഴിവിലേക്ക് പ്രത്യേകം വിജ്ഞാപനം നടത്താതെയാണ് നിയമനം നടത്തിയിരുന്നത്. 1977-ലെ കലാമണ്ഡലം എംപ്ലോയീസ് സർവീസ് ചട്ടങ്ങളിലെ ചട്ടം 5, 6 എന്നിവ പ്രകാരം അധ്യാപക-അനധ്യാപക തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് റിക്രൂട്ട്മെന്റ് സമിതി രൂപീകരിക്കേണ്ടതുണ്ട്. അതും ചെയ്തിരുന്നില്ല.

(ഡി) അത്തരം പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly